II ഇ.ബി. XIII-കേരള നിയമസഭ/XII-8

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

21 (*241) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, യാത്രക്കാർക്ക്, പ്രത്യേകിച്ച് വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന പ്രഥമമായ ഉദ്ദേശ്യലക്ഷ്യം മുൻനിർത്തി ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കമ്പനി

രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ ടോയ്‌ലറ്റ് സൗകര്യത്തിനുപുറമേ ലഘുഭക്ഷണശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, ബാങ്ക് എ.ടി.എം., ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർഫീയോടുകൂടി സ്വയംപര്യാപ്തമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആരോഗ്യസംരക്ഷണവും ടോയ്‌ലറ്റ് ലഭ്യതയും ഉറപ്പുവരുത്തുക, ഉപഭോക്താക്കളുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുക, പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുക, ശുചീകരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. അനുബന്ധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനവും കൂടി ഉപയോഗപ്പെടുത്തി ലോകോത്തര നിലവാരത്തിൽ ജനോപകാരപ്രദമായ രീതിയിൽ ഇവ പരിപാലിക്കുവാൻ കഴിയുമെന്ന് മന്ത്രി പ്രത്യാശിച്ചു. പൊതുനിരത്തുകളിലെ ഓക്സ്ബോ ലാന്റുകളിലും റവന്യൂ പുറമ്പോക്കുകളിലുമാണ് ഇത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ നടത്തിപ്പിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്

ക്ഷണിച്ചപ്പോൾ മൂന്ന് കമ്പനികൾ താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുണ്ടെന്നും ഈ മേഖലയിൽ ഏറ്റവും കൂടുതൽ വൈദഗ്ധ്യവും പരിചയവുമുള്ള കമ്പനികളെയാണ് സെലക്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു. യൂസേഴ്സിന് ചെലവ് കുറഞ്ഞ രീതിയിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ യൂസർ ഫീ പരമാവധി 5 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പെരുമ്പാവൂർ, അരൂർ, തിരൂർ എന്നീ സ്ഥലങ്ങളിൽ ഇതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. ചെങ്ങന്നൂർ നഗരത്തിൽ റസ്റ്റ് ഹൗസിനോട് ചേർന്ന് പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ള സ്ഥലത്തും കായംകുളത്ത് എൻ.ടി.പി.സി.യുമായി സഹകരിച്ചും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറിയ ബസ് സ്റ്റാന്റുകളോട് അനുബന്ധമായി കംഫർട്ട് സ്റ്റേഷനുകൾ കൂടി നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്. ആസ്തി വികസന ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവയിലൂടെയോ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി മുഖാന്തിരമോ പണം കണ്ടെത്തി കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുമായി സഹകരിച്ചുകൊണ്ട് ഏറ്റവും കുറഞ്ഞ ചെലവിൽ ഈ സംരംഭം പ്രാവർത്തികമാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

22 (*242) പാതകൾ ബിഎം&ബിസി ചെയ്യാൻ നടപടി

പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ പ്രധാന പാതകളും ബി.എം.&ബി.സി. ചെയ്താണ് നിർമ്മിക്കുന്നതെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് ആകെയുള്ള 1568 കി.മീ. ദേശീയപാതയിൽ എൻ.എച്ച്. 220-ന്റെ കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കൊല്ലകടവ് വരെയുള്ള 53 കി. മീ. ഭാഗം ഒഴികെ ബി.എം.&ബി.സി. പ്രവൃത്തികൾ നടത്തിയാണ് ഉപരിതലം മെച്ചപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സംസ്ഥാന പാതകളും ജില്ലാ റോഡുകളും ഉൾപ്പെടെ 2600 കിലോമീറ്റർ റോഡുകളിൽ ബി.എം.&ബി.സി. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി.-1 പദ്ധതിയിൽ ഉൾപ്പെടുത്തി 1454 കി.മീ. ദൈർഘ്യമുള്ള 61 റോഡുകൾ ബി.എം.&ബി.സി. ഉപയോഗിച്ചാണ് ഹെവിമെയിന്റനൻസ് നടത്തിയിട്ടുള്ളത്. കെ.എസ്.ടി.പി.-2 പദ്ധതിയിൽ 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളിലായി ബി.എം.&ബി.സി. ഉപയോഗിച്ച് വികസിപ്പിച്ചുവരുന്നു. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കിവരുന്ന നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളെല്ലാം ബി.എം.&ബി.സി. ഉപയോഗിച്ചാണ് മെച്ചപ്പെടുത്തുന്നത്.

ബി.എം.&ബി.സി. റോഡുകൾക്ക് ഇപ്പോൾ മൂന്നുവർഷത്തെ ഗ്യാരന്റി ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനപ്പെരുപ്പവും സ്ഥലലഭ്യതയും കണക്കിലെടുത്ത് പ്രധാന റോഡുകളിലെല്ലാം ഡ്രെയ്നേജ് സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തി പരമാവധി വീതികൂട്ടിയാണ് ടാറിംഗ് നടത്തുന്നത്. റബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചുനിർമ്മിക്കുന്ന റോഡുകൾക്കാണ് കൂടുതൽ ഭംഗിയും ഈടും ഉറപ്പും ഉള്ളതായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കുക എന്നുള്ള സർക്കാർ നയം മുൻനിർത്തി കൂടുതൽ റബറൈസ്ഡ് ബിറ്റുമിൻ ഉല്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശം കൊച്ചിൻ റിഫൈനറിക്ക് നൽകുന്നതാണ്. റബ്ബറിന്റെ വിലയിടിവിനും ടാറിന്റെ ദൗർലഭ്യത്തിനും പരിഹാരം കാണുന്നതിനായി എല്ലാ സംസ്ഥാനങ്ങളും റോഡ് നിർമ്മാണത്തിന് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കണമെന്ന നിർദ്ദേശം നൽകണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. സ്വകാര്യസ്ഥലങ്ങൾ ഏറ്റെടുത്ത് റോഡുകൾ വീതികൂട്ടുന്ന സന്ദർഭങ്ങളിൽ ഫ്ലോർ ഏരിയ റേഷ്യോയിൽ ഇളവ് വരുത്തി ഭൂവുടമകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതാണ്. സംസ്ഥാന-ജില്ലാ റോഡുകളിലെ പ്രധാന ജംഗ്ഷനുകളിലെല്ലാം ടോയ്ലെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ആശ്വാസ്

പബ്ലിക് അമിനിറ്റീസ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. തൃശ്ശൂർ കുറ്റിപ്പുറം റോഡിലെ എടപ്പാളിൽ ഒരു ഫ്ളൈഓവർ നിർമ്മിക്കുന്നതിനും ഈരാറ്റുപേട്ട-മുട്ടം റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിനും കോഴഞ്ചേരി-ചെങ്ങന്നൂർ റോഡ് ഓവർലെ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് മന്ത്രി പറഞ്ഞു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2900 മുതൽ 3283 വരെയുള്ള ചോദ്യങ്ങളിൽ 51 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)